(ഡി) റേഷൻ റീട്ടെയിൽ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റേഷനരിയുടെ വില്പന അതിനു മുമ്പുള്ള മാസത്തേക്കാൾ അൻപത്തിയൊന്നു ശതമാനം കുറഞ്ഞു.

(സി) ഉണ്ട്.

(ഡി) റേഷൻ റീട്ടെയിൽ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി റേഷൻ കടകൾ വഴി റേഷൻ സാധനങ്ങൾക്കു പുറമെ മറ്റ് ആവശ്യ വസ്തുക്കളും വിതരണം ചെയ്യുന്നതിനു വേണ്ടി റേഷൻ വ്യാപാരികളെ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ കാർഡൊന്നിനു ആഴ്ചയിൽ നാലു കിലോ വീതം എന്ന നിരക്കിൽ നല്കാൻ എ.പി.എൽ അരിയുടെ വില 11.40 രൂപയിൽ നിന്നും 10.40 രൂപയായി കുറച്ചിട്ടുണ്ട്.

റേഷൻകട വ്യാപാരികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

101 (112) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയംമറുപടിനൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻകട നടത്തിപ്പിൽ വ്യാപാരികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ സർക്കാരിന്റെ കൈവശം റേഷൻകട വഴി വിതരണം ചെയ്യുന്നതിനു എത്ര അരി സ്റ്റോക്ക് ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റേഷൻകട വഴി വിതരണം ചെയ്യുന്ന അരി ഗുണ നിലവാരം കുറഞ്ഞതും പൊതു മാർക്കറ്റിനേക്കാൾ വില വ്യത്യാസം ഇല്ലാത്തതുമാണെന്ന പരാതി ഗവൺമെന്റിന്റ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പൊതുവിതരണ സംവിധാനത്തെ നിലനിർത്തുവാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 1-4-2000 മുതൽ കേന്ദ്ര ഗവൺമെന്റ് റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതുമൂലം റേഷൻ സാധനങ്ങൾ വാങ്ങുന്നത് ആകർഷകമല്ലാതെ വരികയും ഓഫ്ടേക്ക് ഗണ്യമായി കുറഞ്ഞുപോവുകയും ചെയ്തിട്ടുണ്ട്. റേഷൻ കടകളിൽ സാധനങ്ങളുടെ സ്റ്റോക്ക് ഇരുന്നുപോവുന്നതിനാൽ അവർ ബുദ്ധിമുട്ടിലാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അരിയുടെ വില്പന കൂട്ടുന്നതിനായി ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുടുംബങ്ങൾക്ക് നൽകി വന്നിരുന്ന ഒരു രൂപ നിരക്കിലുള്ള അരിയുടെ സബ്സിഡി 11-6-2000 മുതൽ കിലോഗ്രാമിന് രണ്ട് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പലവ്യജ്ഞനങ്ങളും പയറുവർഗ്ഗങ്ങളും കടമായി നൽകി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(സി) 10-6-2000-ൽ സംസ്ഥാനത്ത് എ.ഡബ്ല്യൂ.ഡി.കളിൽ 25,260 ടണ്ണും, എ.ആർ.ടി.കളിൽ 41,366 ടണ്ണും അരി സ്റ്റോക്കുണ്ടായിരുന്നു. അതു കൂടാതെ എഫ്.സി.ഐ.യുടെ കേരളത്തിലെ ഗോഡൗണുകളിൽ 436591 മെട്രിക് ടൺ അരിയും 150390 ടൺ ഗോതമ്പും സ്റ്റോക്കുണ്ട്. (13-6-2000)

(ഡി) ഗുണനിലവാരം കുറഞ്ഞ അരി റേഷൻകടകൾ വഴി വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കാർഡുടമകൾക്ക് നൽകി വരുന്ന അരിയുടെ സബ്സിഡി ഒരു രൂപയിൽ നിന്ന് രണ്ട് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പലവ്യജ്ഞനങ്ങളും പയറുവർഗ്ഗങ്ങളും റേഷൻകടക്കാർക്ക് കടമായി നൽകി വിതരണം മെച്ചപ്പെടുത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 25% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന അരിക്കുപുറമേ സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി 17 % കുടുംബങ്ങൾക്ക് കൂടി പകുതി വിലയ്ക്കുള്ള അരി നൽകി വരുന്നു.

ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതുമൂലം പൊതുവിതരണ സംവിധാനത്തിലുള്ള പ്രശ്നങ്ങൾ

102 (113) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതുമൂലം സംസ്ഥാനത്തെ പൊതു വിതരണ സംവിധാനത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഇതു പരിഹരിക്കുന്നതിനു സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അതിന്റെ പുരോഗതി എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly